# ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- നഗര ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യൂ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഗ്രേഡ് പ്രൊമോഷനുകളും/പ്രസ്തുത ഗ്രേഡ് പ്രൊമോഷനുകൾ നിലവിൽ വന്ന തീയതിയും അനുവദിച്ചു ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കോട്ടയം ടൗൺ പ്ലാനറുടെ 31.05.2019 ലെ A-3/2019 നമ്പർ ഉത്തരവ്

2. ചീഫ് ടൗൺ പ്ലാനറുടെ 29.05.19 തീയതിയിലെ എ2-4893/2018 നമ്പർ ഉത്തരവ്.

3. ചീഫ് ടൗൺ പ്ലാനറുടെ 14.06.19 തീയതിയിലെ എ2-4893/2018 നമ്പർ ഉത്തരവ്.

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

**ഉത്തരവ് നം. എ2/4893/2018 (1)** **തീയതി: 29.6.2019**

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കോട്ടയം നഗരാസൂത്രണ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന ശ്രീമതി. മേരിക്കുട്ടി ഡേവിഡ് 31.05.2019 അപരാഹ്നം സേവനത്തിൽ നിന്നും വിരമിച്ചത് മൂലം 1.6.2019 പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്ന സാഹചര്യത്തിൽ പരാമർശം (3) ലെ ഉത്തരവിലൂടെ ടൈപ്പിസ്റ്റ് തസ്തികയിൽ ഗ്രേഡ് പ്രൊമോഷൻ നൽകിയ ജീവനക്കാർക്ക് താഴെ പറയും പ്രകാരം ഗ്രേഡ് പ്രൊമോഷനുകൾ നിലവിൽ വന്ന തീയതികൾ പുന: ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, ഓഫീസ് | ഗ്രേഡ് പ്രൊമോഷനുകൾ നിലവിൽ വന്ന തീയതി |
|---|---|---|
| 1 | റഈസ്. പി.പി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ടൗൺ പ്ലാനിംഗ് ഓഫീസ്, കോഴിക്കോട് | 1.06.2019 പൂർവ്വാഹ്നം മുതൽ |
| 2 | അമ്പിളി. എസ്., സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ടൗൺ പ്ലാനിംഗ് ഓഫീസ്, കൊല്ലം | 1.06.2019 പൂർവ്വാഹ്നം മുതൽ |
| 3 | അജിത. എം. വി, യൂ.ഡി.ടൈപ്പിസ്റ്റ്, ടൗൺ പ്ലാനിംഗ് ഓഫീസ്, തൃശ്ശൂർ | 1.06.2019 പൂർവ്വാഹ്നം മുതൽ |

കൂടാതെ ശ്രീ. ദിനേശ്. വി. കെ., ഫെയർ കോപ്പി സൂപ്രണ്ടായി 14.6.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ തുടർന്നുള്ള ഗ്രേഡ് പ്രൊമോഷനുകളും താഴെ പറയും പ്രകാരം അനുവദിച്ചും ഉത്തരവാകുന്നു.

കോഴിക്കോട് ടൗൺ പ്ലാനിംഗ് ഓഫീസിൽ നിലവിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സിന്ധു ഉച്ചമ്പള്ളിയെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകി 27800-59400 എന്ന ശമ്പള സ്കെയിലിൽ കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ 14.06.2019 പൂർവ്വാഹ്നം മുതൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി. സിന്ധു ഉച്ചമ്പള്ളി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതു മൂലം വകുപ്പിൽ ഉണ്ടായ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ഒഴിവിൽ നിലവിൽ യൂ.ഡി. ടൈപ്പിസ്റ്റുമാരിൽ സീനിയറും കൊല്ലം ടൗൺ പ്ലാനിംഗ് ഓഫീസിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. എൽ. സീതാ റാമിനെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകി 26500-56700 എന്ന ശമ്പള സ്കെയിലിൽ കൊല്ലം ടൗൺ പ്ലാനിംഗ് ഓഫീസിൽ തന്നെ 14.06.2019 പൂർവ്വാഹ്നം മുതൽ നിയമിച്ച്

ശ്രീമതി. എൽ. സീതാറാം, സീനിയർ ടൈപ്പിസ്റ്റ് ആകുന്നതു മൂലം യു.ഡി. ടൈപ്പിസ്റ്റുമാരിൽ ഉണ്ടായ ഒഴിവിൽ വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരിൽ സീനിയറും തിരുവനന്തപുരം മേഖലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. സിന്ധു. ഡി - യെ യു.ഡി.ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകി 25200-54000 എന്ന ശമ്പള സ്കെയിലിൽ തിരുവനന്തപുരം റീജണൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ തന്നെ 14.06.2019 പൂർവ്വാഹ്നം മുതൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഗ്രേഡ് പ്രൊമോഷനുകൾക്ക് കെ.എസ്.ആർ. ഭാഗം - 1 ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പരാമർശം 2, 3 എന്നിവയിലെ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

**ഒപ്പ്**
**കെ. എസ്. ഗിരിജ**
**ചീഫ് ടൗൺ പ്ലാനർ**

To
ബന്ധപ്പെട്ട ജീവനക്കാർക്ക്
(ഓഫീസ് മേലാധികാരി മുഖേന)

പകർപ്പ്:
1. ടൗൺ പ്ലാനർ, തിരുവനന്തപുരം
2. ടൗൺ പ്ലാനർ, കൊല്ലം
3. ടൗൺ പ്ലാനർ, കോഴിക്കോട്
4. ടൗൺ പ്ലാനർ, തൃശ്ശൂർ
5. ടൗൺ പ്ലാനർ, ആലപ്പുഴ
6. CA മുഖേന ചീഫ് ടൗൺ പ്ലാനർ
7. സീനിയർ ഫിനാൻസ് ഓഫീസർ
8. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
9. A,B,C,D,E,S സെക്ഷൻ സൂപ്രണ്ടുമാർ
10. വെബ് സൈറ്റ്.
11. കരുതൽ ഫയൽ
12. അധികം

**അംഗീകാരത്തോടെ**

**സീനിയർ സൂപ്രണ്ട്**

Ba/29.6.19